**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3144**      **20.06.2018**– ൽ മറുപടിയ്ക്ക്

## സംസ്ഥാനത്ത് ഭിക്ഷാടനം നിരോധിക്കാൻ നടപടി

ചോദ്യം

മറുപടി

ഡോ.എം.കെ.മുനീർ
ശ്രീ.പി.കെ.അബ്ദു റബ്ബ്
ശ്രീ.പി.ഉബൈദുള്ള
ശ്രീ.ടി.വി.ഇബ്രാഹിം.

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഭിക്ഷാടന മാഫിയ വ്യാപകമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഭിക്ഷാടനം നിരോധിക്കാൻ ആലോചിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് നിയമപരമായി സമ്പൂർണ്ണമായി ഭിക്ഷാടനം നിരോധിക്കുന്നതിന് ലക്ഷ്യമിടുന്ന "The Kerala Prevention of Begging and Protection of Destitute Beggars Bill" എന്ന ബില്ലിന്റെ കരട് തയ്യാറാക്കി വരികയാണ്. ടി ബിൽ നിയമമാകുന്ന മുറയ്ക്ക്, സംസ്ഥാനത്തെ സമ്പൂർണ്ണ ഭിക്ഷാടന വിമുക്ത സംസ്ഥാനമാക്കി മാറ്റാവുന്നതാണ്. |
| (സി) | എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് ഭിക്ഷാടനം നിരോധിക്കുന്നതിന്റെ ഭാഗമായി ഭിക്ഷാടകരെ പുനരധിവസിപ്പിക്കുന്നതിനായി ഓർഫനേജ് കൺട്രോൾ ബോർഡ് മുഖാന്തിരം സർക്കാർ ധനസഹായത്തോടു |

| | | | |
|---|---|---|---|
| | | | കൂടി വിവിധ ജില്ലകളിലെ പതിനഞ്ച് സ്ഥാപനങ്ങളിലായി (NGO മുഖേന) 1,384 പേരെ സംരക്ഷിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ നിലവിൽ 1,092 യാചകർ താമസിച്ചു വരുന്നു. നിരാലംബരായ സ്ത്രീകളുടേയും കുട്ടികളു-ടേയും രാത്രികാല താമസത്തിനായി 'എന്റെ കൂട്' പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ കോഴിക്കോട് ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**